Mr. Deputy Speaker: That question is not allowed.

ശ്രീ. കെ. എസ്. ജോസഫ്: സ്റ്റഡി ലീവ് കഴിഞ്ഞു തിരിയെ വന്നിട്ടുള്ള വക്കു ഹയർ അപ്പ്രായിൻറുമെൻറ്സ് കൊടുക്കണമെന്നാണോ മനസ്സിലാക്കേണ്ടതു?

ശ്രീ. സി. കേശവൻ: പോസ്റ്റ് ഗ്രാഡുവേറ്റ്സിനെ സംബന്ധിച്ചിടത്തോളം അതു ശരിയാണ്. ഇൻറർമീഡിയറ്റ് പാസ്സായി ബി. എ. കോഴ്സിനു ചേരണമെന്നുള്ളവക്ക് അവധി നൽകുന്നില്ല.

ശ്രീ. കെ. എസ്. ജോസഫ്: ടെക്നിക്കൽ ക്വാളിഫിക്കേഷൻ ഉള്ള ആളുകൾ ഉപരിപഠനം കഴിഞ്ഞു വന്നാപ്പോൾ അവർക്ക് പ്രമോഷൻ കൊടുത്തിട്ടുണ്ടോ എന്നാണു ഞാൻ ചോദിച്ചതു.

ശ്രീ. സി. കേശവൻ: സാധാരണ അവധിയെടുത്തുപോകുവാൻ സ്വിസ് റൂളേക്ഷനിൽ വ്യവസ്ഥയുണ്ടു.

ശ്രീ. കെ. ആർ. ഇലങ്കത്തു: സ്റ്റഡിലീവ് എന്നു പറയാതെന്നെ വേറെ ലീവ് എടുത്തുകൊണ്ടു പഠിക്കുവാൻ പോകാമോ?

ശ്രീ. സി. കേശവൻ: മോഷ്ടിച്ചാൽ പലതും ചെയ്യാൻ കഴിയും.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: എൻ. ജി. ഒ. അസോസിയേഷൻ ഇതിനെപ്പറ്റി പരാതിപ്പെട്ടിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: ഉണ്ടു.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: അവർക്ക് ഇതിൽ വളരെ അതൃപ്തിയും വിഷമതയും ഉണ്ടെന്നുള്ള വിവരം ഗവൺമെൻറിനറിയാമോ?

ശ്രീ. സി. കേശവൻ: അറിയാം. അവരുടെ ആഗ്രഹം സാധിച്ചില്ലെങ്കിൽ അവർക്ക് പ്രതിഷേധം ഉണ്ടാകുമെന്നും അറിയാം.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: അവരുടെ പരാതിയിന്മേൽ എന്തു നടപടി എടുത്തു?

ശ്രീ. സി. കേശവൻ: ഒരു നടപടിയും നടത്തിയിട്ടില്ല.

ശ്രീ. പി. കുഞ്ഞുകൃഷ്ണൻ: അവധിയെടുത്തുകൊണ്ടു ഇൻറർമീഡിയറിനു പഠിക്കാൻ പോയി അതു കഴിഞ്ഞു തിരിച്ചു വന്നിട്ടു പിന്നെ ബി. എ. കംപ്ലീറ്റ് ചെയ്യണമെന്നു വിചാരിക്കുന്നവർക്ക് അവധി കൊടുക്കുന്ന കാര്യത്തെപ്പറ്റി ആലോചിക്കാമോ?

ശ്രീ. സി. കേശവൻ: ആലോചിക്കാം.

സ്വിസ് സംയോജനം

*൨൭ (൨) ശ്രീ. പി. നാണു: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി പറയുമോ.—

(എ) സ്വിസ് സംയോജനം പൂർത്തിയായിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ആ ജോലി എത്രമാത്രം പുരോഗമിച്ചിട്ടുണ്ടു;

(സി) സ്വിസ് സംയോജനം സംബന്ധിച്ചു കേന്ദ്രഗവൺമെൻറിനോടു ആരെങ്കിലും പരാതിപ്പെട്ടിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ): (എ) ഇല്ല.

(ബി) ബഹു. മെമ്പറുടെ ശ്രദ്ധയെ ഫൻ ൽ ഫ സെപ്തമ്പർ ഫാംങ്ങ് ഗവൺമെൻറ പ്രസിദ്ധീകരിച്ചിട്ടുള്ള പ്രസ്നോട്ടിലേക്കു ക്ഷണിച്ചുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) വിവരമില്ല.

ശ്രീ. പി. നാണു: സപ്ലീസ് സംയോജനം സംബന്ധിച്ച് അവസാനതീരുമാനം ഉണ്ടായിട്ടില്ലെങ്കിലും, എന്തെങ്കിലും നിർദ്ദേശങ്ങൾ ഉണ്ടായിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: ഗവണ്മെൻറ് അവസാന തീരുമാനം ചെയ്തിട്ടില്ല. നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനു ഡിപ്പാർട്ടുമെൻറ ഹെഡ്സിനു ഡയറക്ഷൻ കൊടുത്തിട്ടുണ്ട്.

ശ്രീ. പി. നാണു: ഇന്ന രീതിയിൽ വേണമെന്നുള്ളതിനു് നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: ഉണ്ടു്.

ശ്രീ. പി. നാണു: ആ നിർദ്ദേശങ്ങളെ എതുത്തു് സപ്ലീസിൽ പല വകുപ്പുകളിൽനിന്നും നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: അങ്ങനെ ഉള്ളതായി അറിവില്ല.

ശ്രീ. കെ. എ. മാത്യു: ഇഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെൻറിൽനിന്നും നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: ഇല്ല.

ശ്രീ. കെ. എ. മാത്യു: എന്താണു് ഇതു നടപ്പിൽ വരുത്തുവാൻ കാലതാമസം?

ശ്രീ. സി. കേശവൻ: കാലതാമസമൊന്നുമില്ല. ഗവണ്മെൻറാർഡർ നടപ്പിൽ വരുത്തുന്നതിനു തീരുമാനിച്ചപ്പോൾ പാർട്ടിയിലും അസംബ്ലിയിലും ഇതു സംബന്ധിച്ചുണ്ടായ വാദപ്രതിവാദങ്ങളുടേയും മറ്റും അടിസ്ഥാനത്തിൽ ഈ കാര്യം പുനരാലോചന ചെയ്യാൻ തീരുമാനിച്ചു. ആ കൂട്ടത്തിൽ ഇൻഡ്യാ ഗവണ്മെൻറിൻെറ വിദഗ്ദ്ധാഭിപ്രായംകൂടി ആവശ്യപ്പെട്ടു. അതുവന്നിട്ട് കുറച്ചു ദിവസങ്ങളെ ആയിട്ടുള്ളൂ. അതിനെസംബന്ധിച്ചാണു് ഇപ്പോൾ നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതു്.

ശ്രീ. പി. നാണു: ഇൻഡ്യാഗവണ്മെൻറിൻെറ നിർദ്ദേശത്തെ എതുക്കുന്നവർ ഇവിടെ ഉണ്ടോ?

ശ്രീ. സി. കേശവൻ: എതു തീരുമാനം ചെയ്താലും എതുക്കുന്നവർ ഉണ്ടാകും.

ശ്രീ. പി. നാണു: ആ എതുപ്പു് അവസാന തീരുമാനത്തിനു് കാലതാമസം ഉണ്ടാക്കുന്നില്ലേ?

ശ്രീ. സി. കേശവൻ: നടപടി നടന്നുകൊണ്ടിരിക്കുകയാണു.

ശ്രീ. എ. താണുപിള്ള: ഈ നിർദ്ദേശം ഗവണ്മെൻറ പുറപ്പെടുവിച്ചപ്പോൾ പ്രധാനപ്പെട്ട ഡിപ്പാർട്ടുമെൻറ മേലധികാരികളുമായി ആലോചിച്ചിട്ടുണ്ടോ, അതല്ല ഇനിയും ആലോചിക്കേണ്ടതായി ഉണ്ടോ?

ശ്രീ. സി. കേശവൻ: ഡിപ്പാർട്ടുമെൻറ ഹെഡ്സിനോടു നേരത്തെ ആലോചിച്ചിട്ടുണ്ടു്. അതിൽ ഇൻഡ്യാഗവണ്മെൻറ വരുത്തിയ ചില മാറ്റങ്ങളെ സംബന്ധിച്ചാണു് നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതു്. ഇനി അവരോടു് ആലോചിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

ശ്രീ. എ. താണുപിള്ള: ഇൻഡ്യാഗവണ്മെൻറിൻെറ നിർദ്ദേശങ്ങൾ എന്തെല്ലാം?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. കേശവൻ: ഞാൻ ഇതു് ഇന്നലെയും പ്രസ്താവിച്ചതാണു്. അതു് മേശപ്പുറത്തു വയ്ക്കാം.

ശ്രീ. പി. എം. വറുഗീസ്: കൊച്ചിയിലെ രണ്ടും മൂന്നും വർഷംമാത്രം സർവ്വീസുള്ള ഉദ്യോഗസ്ഥന്മാർ, തിരുവിതാംകൂറിലെ പത്തും പന്ത്രണ്ടും കൊല്ലം സർവ്വീസുള്ള ഉദ്യോഗസ്ഥന്മാരുടെ സീനിയറന്മാരായിട്ടുണ്ടെന്നു് പരാതിയുണ്ടോ?

ശ്രീ. സി. കേശവൻ: അങ്ങിനെയും പരാതിയുണ്ടു്.

ഉദ്യോഗസ്ഥന്മാരുടെ എതിർപ്രവർത്തനം

*൨൫ (൪) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സഭയെ മറുപടി പറയുമോ?

(എ) ഡിനോമിനേഷൻ സ്കൂളുകൾ നിർത്തലാക്കുന്നതു സംബന്ധിച്ചു ഗവർമ്മെൻറുത്തരവു് വിഘ്നപ്പെടുത്തുന്നതിനു് ഗവർമ്മെൻറുദ്യോഗസ്ഥന്മാർ ശ്രമിച്ചതായി ഫൻ— ൪— ഫ൯ ൪ ഫ–ലെ "ദീപിക"യിൽ പ്രസിദ്ധപ്പെടുത്തിയിരുന്ന റിപ്പോർട്ടു ശരിയെങ്കിലും ഗവർമ്മെൻറു ശ്രദ്ധയ്ക്കു് വിഷയമാക്കിയിട്ടുണ്ടോ?

(ബി) ഗവർമ്മെൻറു അതേപ്പറ്റി അന്വേഷിച്ചിട്ടുണ്ടോ?

വിദ്യാഭ്യാസവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എൽ. എം. പൈലി):

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: ഫൻ ൪ ഫ മേയ് ൨൰–ൽ ഈ ചോദ്യകർത്താവുതന്നെ ഇതിനെക്കുറിച്ചു് ഒരെഴുത്തു അയച്ചിട്ടുണ്ടായിരുന്നതു് കിട്ടിയിട്ടുണ്ടോ?

ശ്രീ. എൽ. എം. പൈലി: അതു് നോട്ടീസുകൂടാതെ പറയാൻ സാധ്യമല്ല.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: ഇതിൽക്കൂടുതൽ നോട്ടീസു വേണമോ?

ശ്രീ. എൽ. എം. പൈലി: എന്തായാലും അതു് നോട്ടീസു കൂടാതെ പറയാൻ സാധിക്കുകയില്ല.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: സർ, ഇതിനെ സംബന്ധിച്ചു് ഞാൻ ഫൻ ൪ ഫ മേയ് ൨൰–ൽ തന്നെ ഒരെഴുത്തു അയച്ചിട്ടുണ്ടു്. ഇതിനേക്കാൾ കൂടുതലായി നോട്ടീസ് ആവശ്യമുണ്ടോ?

ശ്രീമതി ആനിമസ്ക്രീൻ: നോട്ടീസ് വേണമെന്നു് മന്ത്രി മറുപടി പറയുകയാണെങ്കിൽ പിന്നെയും അതിനെക്കുറിച്ചു് ചോദിക്കാമോ?

മിസ്റ്റർ ഡെപ്യൂട്ടി സ്പീക്കർ: പാടില്ല.

ശ്രീ. കെ. പി. നീലകണ്ഠപിള്ള: ബഹുമാനപ്പെട്ട മന്ത്രിക്കു് അതിനെപ്പറ്റി അറിവില്ലാതെ നോട്ടീസ് വേണം എന്നു പറയുകയാണെങ്കിലോ?

മിസ്റ്റർ ഡെപ്യൂട്ടി സ്പീക്കർ: നോട്ടീസ് വേണം എന്നു പറഞ്ഞാൽ പിന്നെ ചോദ്യം അനുവദനീയമല്ല.

ശ്രീ. കെ. എസ്സ്. ജോസഫ്: ഇപ്പോൾ ഡിനോമിനേഷനൽ സ്കൂളുകൾ ഉണ്ടോ?

ശ്രീ. എൽ. എം. പൈലി: ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly